# പതിനാലാം കേരള നിയമസഭ

## ഏഴാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.347

07.08.2017 ൽ മറുപടിയ്ക്ക്

## നിത്യോപയോഗ സാധനങ്ങളുടെ വില

ചോദ്യം

പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ

ഉത്തരം

ശ്രീ. പി. തിലോത്തമൻ
(ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പ് മന്ത്രി)

(എ) സംസ്ഥാനത്ത് നിത്യോപയോഗ സാധനങ്ങളുടെ വില അമിതമായി വർദ്ധിക്കുന്ന കാര്യം പരിശോധിച്ചിട്ടുണ്ടോ;

(ബി) വില നിയന്ത്രിക്കുവാൻ നടപടി സ്വീകരിക്കുമോ;

(എ) യും (ബി) യും നേരിയ തോതിലുള്ള വിലവർദ്ധനവ് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. വില നിയന്ത്രിക്കുന്നതിനും പൊതുവിപണിയിൽ ഫലപ്രദമായി ഇടപെടുന്നതിനുമായി സപ്ലൈകോ മുഖേന സബ്സിഡി നിരക്കിൽ 13 ഇനം അവശ്യസാധനങ്ങൾക്കുപുറമേ ഒ.എം.എസ്. എസ്. പുഴുക്കലരി, പച്ചരി, ആന്ധ്ര ഇതര അരി എന്നിവയും വിൽപ്പനശാലകൾ വഴി വിതരണം ചെയ്തു വരുന്നു. സബ്സിഡിയിൽ വിൽക്കുന്ന ഉൽപ്പന്നങ്ങൾ ഉൾപ്പെടെ 28 ഇനം അവശ്യ ഭക്ഷ്യധാന്യങ്ങൾ പൊതു വിപണിയേക്കാൾ 10 മുതൽ 20 ശതമാനം വരെ വിലക്കുറച്ച് ഫ്രീസെയിൽ സബ്സിഡി നിരക്കിൽ പൊതു ജനങ്ങൾക്ക് ആവശ്യമായ അളവിൽ ലഭ്യമാക്കി വരുന്നു. ചായപ്പൊടി, മല്ലിപ്പൊടി, മുളക് പൊടി, വെളിച്ചെണ്ണ, പുളി, ഏലം, മഞ്ഞൾപ്പൊടി, ഉപ്പ് എന്നീ ഉൽപ്പന്നങ്ങൾ സപ്ലൈക്കോയുടെ സ്വന്തം ബ്രാൻഡായ 'ശബരി' ബ്രാൻഡിൽ ഗുണ നിലവാര പരിശോധനയ്ക്ക് ശേഷം പൊതു വിപണി വിലയേക്കാൾ ഏകദേശം 20 മുതൽ 30 ശതമാനം വിലക്കുറവിൽ പൊതുജനങ്ങൾക്ക് ലഭ്യമാക്കുന്നു. മറ്റ് അവശ്യ സാധനങ്ങളും, FMCG (Fast Moving Consumer Goods) ഉൽപ്പന്നങ്ങളും MRP യേക്കാൾ / മാർക്കറ്റ് വിലയേക്കാൾ 5 മുതൽ 30% വരെ വിലക്കുറവിൽ ലഭ്യമാക്കുന്നതിനും അരിയുടെ ലഭ്യത ഉറപ്പുവരുത്തുന്നതിനും, വില വർദ്ധനവ് തടയുന്നതിനുമായി വിവിധ ജില്ലകളിൽ അരിക്കട ഫെയറുകൾ ആരംഭിക്കുകയും, സബ്സിഡി നിരക്കിലും നോൺ സബ്സിഡി നിരക്കിലുമായി എല്ലാത്തരം അരി ഇനങ്ങളും വിതരണം ചെയ്യുന്നതിനുമുള്ള നടപടികൾ സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്

| | |
|---|---|
| (സി) മാവേലിസ്റ്റോറുകൾ ഇല്ലാത്ത പഞ്ചായത്തുകളിൽ പുതിയ മാവേലി സ്റ്റോറുകൾ ആരംഭിക്കുവാൻ നടപടി സ്വീകരിക്കുമോ; | (സി) സംസ്ഥാനത്ത് സപ്ലൈകോ വിൽപ്പനശാലകളില്ലാത്ത 30 ഗ്രാമ പഞ്ചായത്തുകളിലും പുതിയ മാവേലി സ്റ്റോറുകൾ ആരംഭിക്കുന്നതിന് പദ്ധതിയുണ്ട്. നിലവിലെ മാനദണ്ഡമനുസരിച്ചുള്ള അടിസ്ഥാന സൗകര്യങ്ങളുളായ അഞ്ചു വർഷത്തേയ്ക്ക് വാടക രഹിത കെട്ടിടവും, ഒരു ലക്ഷം രൂപയും പഞ്ചായത്തുകൾ ലഭ്യമാക്കുന്ന മുറയ്ക്ക് സാധ്യതാ പഠനം നടത്തി ആയതിന്റെ അടിസ്ഥാനത്തിൽ മാവേലി സ്റ്റോർ ആരംഭിക്കുന്നതുമായി ബന്ധപ്പെട്ട വിഷയം പരിശോധിക്കുന്നതാണ്. |
| (ഡി) മാവേലിസ്റ്റോറുകളെ ഹൈപ്പർ മാർക്കറ്റുകളാക്കി മാറ്റുവാൻ നടപടി സ്വീകരിക്കുമോ; | (ഡി) നിലവിലെ മാനദണ്ഡമനുസരിച്ച് മാവേലിസ്റ്റോറുകളെ ഹൈപ്പർ മാർക്കറ്റുകളാക്കി മാറ്റാൻ സാധിക്കുകയില്ല. സപ്ലൈകോയ്ക്ക് സ്വന്തമായി ഭൂമിയുള്ള സ്ഥലങ്ങളിൽ മാത്രമാണ് ഹൈപ്പർ മാർക്കറ്റുകൾ ആവിഷ്കരിച്ചിട്ടുള്ളത്. |
| (ഇ) കോട്ടയ്ക്കൽ നിയോജക മണ്ഡലത്തിൽ ഇത്തരത്തിൽ മാവേലി സ്റ്റോറുകൾ ആരംഭിക്കുവാൻ നടപടി സ്വീകരിക്കുമോ; ഇതിനാവശ്യമായ നിർദ്ദേശം നൽകുമോ? | (ഇ) കോട്ടക്കൽ നിയോജക മണ്ഡലത്തിൽ എല്ലാ പഞ്ചായത്തുകളിലും മാവേലിസ്റ്റോറുകൾ പ്രവർത്തിക്കുന്നുണ്ട്. |

സെക്ഷൻ ഓഫീസർ